പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -544 29-06-2015 ൽ മറുപടിക്ക്

## ലീഗൽ സർവ്വീസസ് അതോറിറ്റികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ ആർ. സെൽവരാജ്<br>" ജോസഫ് വാഴയ്ക്കൻ<br>" എം.എ. വാഹിദ്<br>" ലൂഡി ലൂയിസ് | ശ്രീ. കെ.എം. മാണി<br>(ബഹു, ധനകാര്യവും, നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |

| | | |
| --- | --- | --- |
| (എ) | ലീഗൽ സർവ്വീസ് അതോറിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ടോ; പ്രസ്തുത അതോറിറ്റികളിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും എല്ലാ താലൂക്കുകളിലും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും, ഹൈക്കോടതിയിലെ കേസുകൾക്ക് വേണ്ടി ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും, സംസ്ഥാന അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും രൂപവൽക്കരിച്ചിട്ടുണ്ട്. കോടതികളിൽ നിലവിലുള്ളതും കോടതിയിൽ ഇതുവരെ ഫയൽ ചെയ്യാത്തതുമായ പരിഹരിക്കാവുന്ന എല്ലാ തർക്കങ്ങൾക്കും അദാലത്തുകൾ വഴി നിയമ പിൻബലത്തോടെയുള്ള പരിഹാരം ഉണ്ടാക്കുക, അർഹരായ എല്ലാവർക്കും സൗജന്യ നിയമ സഹായം നൽകുക, വിവിധ ജനവിഭാഗങ്ങൾക്ക് നിയമബോധനം ഉണ്ടാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് അതോറിറ്റികളിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്. |

| | | |
|---|---|---|
| (ബി) | അദാലത്തുകൾ വഴി കേസുകൾക്ക് അന്തിമതീർപ്പ് കൽപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇവയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | അദാലത്തിൽ ഇരു കക്ഷികളുടേയും സമ്മതപ്രകാരം ഉണ്ടാകുന്ന തീർപ്പുകൾ ലീഗൽ സർവ്വീസസ് ആക്ടിലെ സെക്ഷൻ 21 പ്രകാരം അന്തിമമായിരിക്കും. അത്തരം തീർപ്പുകൾക്ക് മേൽ അപ്പീലുകൾ നിലനിൽക്കുന്നതല്ല. സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റികളും ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും അദാലത്തുകൾ സംഘടിപ്പിക്കുമ്പോൾ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്റ്റിലെ സെക്ഷൻ 19 പ്രകാരം ഒരു റിട്ടയേർഡ് അല്ലെങ്കിൽ സർവ്വീസിലുള്ള ന്യായാധിപൻ, ഒരു അഭിഭാഷകൻ എന്നിവർ ഉൾപ്പെട്ട ബഞ്ചാണ് ഇരു കക്ഷികളുടെയും സമ്മതത്തോടെയുള്ള തീർപ്പ് കൽപ്പിക്കുന്നത്. |
| (സി) | ഈ സർക്കാർ നടത്തിയ അദാലത്തുകൾ വഴി അന്തിമ തീർപ്പ് കൽപ്പിച്ച കേസുകൾ എത്രയെന്ന് വെളിപ്പെടുത്താമോ? | ലീഗൽ സർവ്വീസസ് അതോറിറ്റികൾ/ കമ്മിറ്റികൾ മുഖേന ജൂൺ 2011 മുതൽ ഫെബ്രുവരി 2015 വരെ 13496 അദാലത്തുകൾ നടത്തുകയും 268242 കേസുകൾ തീർപ്പാക്കുകയും ചെയ്തു. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ